**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** **04-08-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ.കെ. അക്ബർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും പദ്ധതി രൂപീകരണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 2021 ജനുവരി മാസത്തിൽ തന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇടയ്ക്ക് വച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞില്ല. എന്നാലും 43 തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ളവ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് തന്നെ പദ്ധതികൾ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുകയും നിർവഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സ്പിൽ ഓവർ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ക്യാരി ഓവർ തുക നിശ്ചയിച്ചും ഉത്തരവുകൾ നൽകിയിട്ടുണ്ട്. |
| (ബി) | ഉല്പാദന മേഖലയിൽ കുതിപ്പ് സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകുമോയെന്ന് അറിയിക്കുമോ; | (ബി) | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഉല്പാദന മേഖലയ്ക്ക് പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 30 ശതമാനവും നഗരസഭകൾ 10 ശതമാനവും നീക്കി വയ്ക്കണമെന്ന നിബന്ധനയുണ്ട്. ഉല്പാദന മേഖലയിൽ കൃഷി, മണ്ണ്-ജല സംരക്ഷണം. തരിശു രഹിത ഗ്രാമം ഹരിത സമൃദ്ധി വാർഡുകൾ എന്നിവ സാധ്യമാക്കുന്നതിനും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, മത്സ്യം, പാല്, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദന |

| | | | |
|---|---|---|---|
| | | | വർദ്ധനവിനും 2021-22 വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്. |
| (സി) | കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ മറികടന്നുകൊണ്ട് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താൻ സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | കൊവിഡ് മഹാമാരി പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടെങ്കിലും നിർവ്വഹണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ/വാർഡ് സഭകൾ ചേരാൻ കഴിയാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് നൽകി. അംഗീകാര പ്രക്രിയ വേഗത്തിലാക്കുന്നതിന് വെറ്റിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും അവ മോണിറ്റർ ചെയ്യുന്നതിന് വിവിധ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കാർഷികേതര മേഖലയിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കാൻ വേണ്ട നേതൃത്വപരമായ പങ്കുവഹിക്കണമെന്ന ലക്ഷ്യം നിറവേറ്റാനായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആയിരം പേർക്ക് അഞ്ച് എന്ന കണക്കിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പിന്തുണാ സംവിധാനം ഏർപ്പെടുത്തി വരികയും ചെയ്തിട്ടുണ്ട്. ഇതിനായുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷ്യം നിറവേറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ